## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3832 — 21.06.2018 ൽ മറുപടിക്ക്

## ഖാദിവ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഖാദിവ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനും അടച്ചു പൂട്ടിയ ഖാദി യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ഖാദി വ്യവസായ മേഖലയെ സംരംക്ഷിക്കുന്നതിനും അടച്ചുപൂട്ടിയ ഖാദി യൂണിറ്റുകൾ പുനരാംരംഭിക്കുന്നതിന്റെ ഭാഗമായി ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ, സ്റ്റൂൾ ടോയിലെറ്റ്) ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച വരുന്നു. സർക്കാർ സഹായത്തോടെ തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയിട്ടുമുണ്ട് (നൂലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയും), ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഖാദി ബോർഡിലും ഖാദി കമ്മീഷനിലും രജിസ്റ്റർ ചെയ്ത് ഖാദി വ്യവസായം നടത്തുന്ന ഖാദി സംഘങ്ങളുടേയും സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങളും കൂലിയും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് ഫ്ലാഗ്ഷിപ്പ് സ്കീമിലൂടെ സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് തൊഴിലുപകരണങ്ങൾ, വർക്ക്ഷെഡ് എന്നിവ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനും സഹായം ലഭ്യമാക്കുന്നുണ്ട്. ടി പദ്ധതിക്ക് 2016 - 17 ൽ 8 ലക്ഷവും, 2017-18 ൽ 10 ലക്ഷം രൂപയും അനുവദിക്കുകയും തുക |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 ൽ 15 ലക്ഷം രൂപ ടി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഈ മേഖലയിലേക്ക് കടന്നുവരുന്ന പുതിയ വ്യവസായ സംരംഭകർക്ക് എന്തൊക്കെ സഹായങ്ങളാണ് വ്യവസായ വകുപ്പ് നൽകിവരുന്നത്; | (ബി) | ഈ മേഖലയിലേക്ക് കടന്നു വരുന്ന വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഖാദി ഉല്പാദന വിപണന രംഗത്ത് മുന്നേറ്റം കൈവരിക്കുന്നതിന്റേയും ഭാഗമായി ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിയിൽ മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 35% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. |
| (സി) | പുതിയ യൂണിറ്റുകളുടെ പ്രവർത്തനത്തിനാവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്താനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | | ഏകജാലക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ